സ്പോർട്സ് പരിശീലന സ്കൂളുകൾ

38 (7003) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സ്പോർട്സ് പരിശീലന സ്കൂളുകൾ നിലവിലുണ്ട് ;

(ബി) പ്രസ്തുത സ്കൂളുകളിൽ ഏതെല്ലാം ഇനങ്ങൾക്കാണ് പരിശീലനം നൽകുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത വിദ്യാലയങ്ങളിൽ എത്ര കുട്ടികൾ പഠിക്കുന്നുണ്ട് ;

(ഡി) പുതുതായി സ്പോർട്സ് സ്കൂളുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഇ) എങ്കിൽ അവ ഏതെല്ലാം ജില്ലകളിൽ, ഏതെല്ലാം ഇനങ്ങൾക്ക് പ്രാമുഖ്യം നൽകിയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിൻകീഴിൽ രണ്ട് സ്പോർട്സ് സ്കൂളുകളുണ്ട്. തിരുവനന്തപുരം ജി.വി. രാജാ സ്പോർട്സ് സ്കൂളും കണ്ണൂർ ഗവണ്മെന്റ് വി.എച്ച്.എസ്.എസ്.നോടനുബന്ധിച്ചുള്ള കണ്ണൂർ സ്പോർട്സ് ഡിവിഷനുമാണ് ഈ സ്കൂളുകൾ. സ്പോർട്സ് വകുപ്പിന്റെയും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും കീഴിലുള്ള സ്പോർട്സ് പരിശീലന സ്കൂളുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) തിരുവനന്തപുരം ജി.വി. രാജാ സ്പോർട്സ് സ്കൂളിൽ അത്ലറ്റിക്സ്, ഫുട്ബോൾ, വോളിബോൾ, ബാസ്കറ്റ് ബോൾ, ക്രിക്കറ്റ്, ഹോക്കി, തെയ്ക്വണ്ടോ എന്നീ ഇനങ്ങളിലും കണ്ണൂർ സ്പോർട്സ് ഡിവിഷനിൽ അത്ലറ്റിക്സ്, വോളിബോൾ, ബാസ്കറ്റ്ബോൾ, തെയ്ക്വണ്ടോ, ഫുട്ബോൾ, ജൂഡോ എന്നീ ഇനങ്ങളിലുമാണ് പരിശീലനം നൽകുന്നത്.

(സി) തിരുവനന്തപുരം ജി.വി. രാജാ സ്പോർട്സ് സ്കൂളിൽ 8, 9, 10 ക്ലാസ്സുകളിൽ ആകെ 270 വിദ്യാർത്ഥികളും റൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ 100 വിദ്യാർത്ഥികളും പഠിക്കുന്നുണ്ട്. കണ്ണൂർ സ്പോർട്സ് ഡിവിഷനിൽ 8, 9, 10 ക്ലാസ്സുകളിൽ ആകെ 90 വിദ്യാർത്ഥികളും റൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ 100 വിദ്യാർത്ഥിനികളും പഠിക്കുന്നുണ്ട്.

(ഡി ആന്റ് ഇ) വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എറണാകുളം പനമ്പള്ളി നഗറിലെ ഗവണ്മെന്റ് ഹൈസ്കൂൾ സ്പോർട്സ് സ്കൂളാക്കി മാറ്റുന്ന വിഷയം പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly